കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യവകുപ്പ് – പഞ്ചായത്തുരാജ് സ്ഥാപനങ്ങൾ – അധികാര വികേന്ദ്രീകരണം – മാർഗ്ഗ നിർദ്ദേശങ്ങൾ – പുറപ്പെടുവിക്കുന്നു.

---

മത്സ്യ ബന്ധന തുറമുഖ (സി) വകുപ്പ്

സ.ഉ.(കൈയെഴുത്ത്) നമ്പർ 41/97/മതുവ. തിരുവനന്തപുരം, തീയതി, 22.11.97.

---

<u>ഉത്തരവ്</u>

മത്സ്യവകുപ്പിൽ നിന്നും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേക്ക് കൈമാറിയ പദ്ധതികളുടെ നടത്തിപ്പു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു. മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

റാംസിങ്ങ്
സെക്രട്ടറി

അനുബന്ധം

സംസ്ഥാന മത്സ്യ വകുപ്പ് – അധികാര വികേന്ദ്രീകരണം

***മത്സ്യവകുപ്പിൽ നിന്ന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാരങ്ങൾ സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ***

സംസ്ഥാന മത്സ്യവകുപ്പിൽനിന്ന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കൈമാറിയ മത്സ്യ വികസന ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം ചേർത്തിരിക്കുന്നു. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാങ്കേതിക അനുമതിയും, മാർഗ്ഗ നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമ/ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്ക് സംസ്ഥാന മത്സ്യവകുപ്പ് ഡയറക്ടർ നൽകേണ്ടതാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, തങ്ങൾക്ക് ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതികൾക്ക് ഭരണാനുമതി നൽകേണ്ടതാണ്. മത്സ്യമേഖലയുടെ വികസന വും, മത്സ്യതൊഴിലാളികളുടെ ക്ഷേമവും മുൻനിർത്തിയുള്ള പദ്ധതികൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുകയും സാങ്കേതിക മേൽനോട്ടം വഹിക്കുകയും ചെയ്യുന്നത് മത്സ്യവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ആയിരിക്കും.

എ. ഗ്രാമപഞ്ചായത്ത്

1. ഓരോ പദ്ധതിയുടെയും നടത്തിപ്പിന് രൂപം നല്കിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി അർഹതപ്പെട്ട ഗുണഭോക്താക്കളെ (മത്സ്യ ഭവൻ ഓഫീസറുടെ/ചുമതലയുള്ള ഫിഷറീസ് ഓഫീസറുടെ സഹായത്തോടെ) ഗ്രാമസഭ തെരഞ്ഞെടുക്കേണ്ടതാണ്.
2. പദ്ധതിയുടെ പ്രയോജനങ്ങൾ/ആനുകൂല്യങ്ങൾ അർഹതപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക്/ കർഷകർക്ക് ലഭ്യമാക്കുന്നതിന് വേണ്ട രേഖകൾ മത്സ്യഭവൻ ഓഫീസർ/ചുമതലയുള്ള ഫിഷറീസ് ഓഫീസർ തയ്യാറാക്കി അത് ഗ്രാമ പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് സഹായം ഗ്രാമപഞ്ചായത്ത് അനുവദിക്കേണ്ടതാണ്.
3. മത്സ്യഭവനുകൾ വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത മത്സ്യവികസന ക്ഷേമ പദ്ധതികളുടെ വിഹിതം ജില്ലാ ഫിഷറീസ് ഓഫീസർ വഴി ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്.
4. ഗ്രാമപഞ്ചായത്തുകൾ കേന്ദ്രാവിഷ്കൃത മത്സ്യവികസന ക്ഷേമപദ്ധതികളുടെ പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ അതാതു ജില്ലാ ഫിഷറീസ് ഓഫീസർക്ക് നൽകേണ്ടതാണ്.
5. മത്സ്യഭവനുകളുടെ പ്രവർത്തനം, മേൽനോട്ടം, പരിശോധന മേൽനടപടികൾ സ്വീകരിക്കൽ എന്നിവയെല്ലാം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിലായിരിക്കും.
6. മത്സ്യഭവനുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും വാടക നല്കുന്നതിനും നോൺപ്ലാൻ ഗ്രാന്റ് അനുവദിക്കുന്നതാണ്. പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് ഇതിനുപയോഗിക്കാൻ പാടില്ല. മത്സ്യഭവനുകളുടെ വാടക, വൈദ്യുതി ചാർജ്, വെള്ളക്കരം, തപാൽ ചെലവുകൾ മുതലായ നിത്യദാനചെലവുകൾ നോൺപ്ലാൻ ഗ്രാന്റിൽനിന്നും ഗ്രാമപഞ്ചായത്ത് വഹിക്കേണ്ടതാണ്.
7. മത്സ്യഭവനുകൾ പ്രവർത്തിക്കുന്ന സർക്കാർ വക കെട്ടിടങ്ങളുടെ അറ്റകുറ്റപണികളും മറ്റു ചെറുകിട മരാമത്ത് പണികളും നടത്തുന്നത് നോൺപ്ലാൻ ഗ്രാന്റിൽ നിന്നും ഗ്രാമപഞ്ചായത്ത് ആയിരിക്കും.
8. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മത്സ്യഭവനുകൾക്ക് കെട്ടിടം പണിയുന്നതിന് ആവശ്യ മായ സ്ഥലം ലഭ്യമാക്കുവാനും അവയിൽ അംഗീകൃത പ്ലാനനുസരിച്ച് പുതിയ കെട്ടിടം,

ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതി നല്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് അധികാരമുണ്ടായിരിക്കും.

9. മത്സ്യഭവൻ ഓഫീസറുടെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ മത്സ്യഭവനുകൾക്ക് ആവശ്യമായ ഫർണിച്ചർ മുതലായ സാധനസാമഗ്രികൾ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാര മുണ്ടായിരിക്കുന്നതാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മത്സ്യഭവനിലെ ഫർണിച്ചറിന്റെയും മറ്റ് ഉപകരണങ്ങളുടെയും അറ്റകുറ്റപണികൾ നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാര മുണ്ടായിരിക്കുന്നതാണ്.

10. മത്സ്യഭവനുകളുടെ സ്ഥാവര ജംഗമവസ്തുക്കൾ നാശനഷ്ടം സംഭവിക്കാതെ പരിരക്ഷിക്കേണ്ട ബാദ്ധ്യത ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. മത്സ്യമേഖലയിൽ പഞ്ചായത്ത് അംഗീകരി ച്ചിരിക്കുന്ന പ്രോജക്ടുകൾ പദ്ധതി രേഖയിൽ പറയുംപ്രകാരം നടപ്പാക്കുന്നതിനുള്ള ചുമതല ഇതിലേക്ക് പഞ്ചായത്ത് ചുമതലപ്പെടുത്തുന്ന നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കും.

11. മത്സ്യവകുപ്പ് കാലാകാലങ്ങളിൽ നടപ്പാക്കുന്ന മത്സ്യമേഖലയുടെ വികസനം ലക്ഷ്യമാക്കി യിട്ടുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുമായി ഗ്രാമപഞ്ചായത്തുകൾ സഹകരിക്കേണ്ട താണ്.

12. സാമൂഹ്യ മത്സ്യകൃഷി, വികസനം, മത്സ്യരോഗനിയന്ത്രണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കണം.

13. ഗ്രാമപഞ്ചായത്തിലെ മത്സ്യവികസന–ക്ഷേമ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തിന് ഉപദേശം നല്കുന്നതിനും ഈ വിധ പ്രവർത്തനങ്ങൾക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് സഹായിക്കുന്ന തിനും മത്സ്യ ഭവൻ ഓഫീസർ ചുമതലപ്പെട്ടിരിക്കുന്നു.

14. മത്സ്യവകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെയും, ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെയും നടത്തിപ്പിന് മത്സ്യഭവനിലെ ഉദ്യോഗസ്ഥൻമാരുടെ സേവനം ഉപയോഗ പ്പെടുത്തി വരുന്ന സന്ദർഭങ്ങളിൽ ജില്ലാ ഫിഷറീസ് ഓഫീസർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റു മായി കൂടിയാലോചിച്ച് വ്യക്തമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

15. ഓരോ പഞ്ചായത്തിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പരിപാടികളുടെ വിശദാംശങ്ങൾ ജില്ലാ ഫിഷറീസ് ഓഫീസർ, സാമ്പത്തിക വർഷാരംഭത്തിൽതന്നെ ഗ്രാമപഞ്ചായത്തുകളെ അറിയിക്കേണ്ടതും, ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

16. ഗ്രാമപഞ്ചായത്തുകൾക്ക് പുതിയ മത്സ്യവികസന ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിനുവേണ്ട സാങ്കേതിക ഉപദേശം ജില്ലയിലെ ഫിഷറീസ് ഉദ്യോഗസ്ഥൻമാർ നൽകേണ്ടതാണ്.

17. ഓരോ വർഷവും ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചു നല്കിയ സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഫണ്ടിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്തുകൾ ജില്ലാ ഫിഷറീസ് ഓഫീസർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

18. പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട റിക്കാർഡുകൾ, ഫയലുകൾ കണക്കുകൾ എന്നിവ അതാതു നിർവഹണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതും അവയിൽ നിർദ്ദേശങ്ങൾ/ഉത്തരവുകൾ എന്നിവ ലഭിക്കുന്നതിനുവേണ്ടി അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലവൻമാർക്കു അയച്ചുകൊടുക്കേണ്ടതുമാണ്.ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ചു നല്കിയ പദ്ധതിക്ക് ആയതും അല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണങ്ങൾക്കു പ്രത്യേകം മാനദണ്ഡവും തയ്യാറാക്കാവുന്നതാണ്.

19. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ചു നല്കിയ പദ്ധതിക്ക് ആയതും അല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണങ്ങൾക്കു പ്രത്യേകം മാനദണ്ഡവും തയ്യാറാക്കാവുന്നതാണ്.
20. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ജില്ലാ/ഗ്രാമ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും. തദ്ദേശ സ്വയംഭരണവകുപ്പ് നിർദ്ദേശങ്ങൾ പ്രകാരം. ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത് സുതാര്യമായിരിക്കണം. ഗുണഭോക്തൃ തെരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ അതുമായി ബന്ധപ്പെട്ട റിക്കാർഡുകൾ എന്നിവ പൊതുജനങ്ങൾക്കു പരിശോധനയ്ക്കു ലഭ്യമാക്കേണ്ടതും ആവശ്യമുള്ളപക്ഷം അവയുടെ പകർപ്പ് വിലക്കു നല്കാവുന്നതുമാണ്.
21. ഫണ്ട് ജില്ലാ/ഗ്രാമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു അനുവദിച്ചു നല്കുന്നത് 6.8.97 ലെ ജി.ഒ.(പി) 676/97/ഫിൻ. നമ്പർ ഉത്തരവ് അനുശാസിക്കുന്ന രീതിയിൽ ആയിരിക്കേണ്ടതാണ്.
22. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു സ്ഥലം മാറ്റപ്പെടുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം അവരുടെ മേൽ ശിക്ഷാ നടപടികൾ മത്സ്യവകുപ്പിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ തന്നെ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു സ്വീകരിക്കാവുന്നതാണ്.
23. പദ്ധതിയേതര പ്രവർത്തനങ്ങൾക്കുള്ള ഫണ്ടുകൾ വ്യക്തമായ മാനദണ്ഡങ്ങൾക്കു വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു അതാതു വകുപ്പുകൾ അനുവദിച്ചു നൽകേണ്ടതാണ്.

ജനകീയ മത്സ്യകൃഷി

1. ജനകീയ മത്സ്യകൃഷി നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ജലസമ്പത്തിന്റെ അടിസ്ഥാനത്തിലായിരിക്കും പദ്ധതി വിഹിതം വിതരണം നടത്തുന്നത്.
2. ഓരോ ജില്ലയിലും മാറ്റി വച്ചിട്ടുള്ള തുക ജില്ലാ ഫിഷറീസ് ആഫീസർവഴി ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്നതാണ്.
3. പഞ്ചായത്തുകൾക്ക് ആവശ്യമായ മത്സ്യവിത്ത് കേന്ദ്രാവിഷ്കൃത വികസന ഏജൻസികൾ പഞ്ചായത്തുകളിൽ എത്തിച്ചുകൊടുക്കുന്നതാണ്.
4. ജനകീയ മത്സ്യകൃഷി പരിപാടി അനുസരിച്ച് തുക ചെലവഴിക്കുമ്പോൾ അനുവർത്തിക്കേണ്ട മാനദണ്ഡം താഴെ കൊടുത്തിരിക്കുന്നു.
   - എ. പഞ്ചായത്തുകളിൽ എത്തിക്കുന്ന മത്സ്യവിത്ത് താൽക്കാലികമായി സുരക്ഷിതമായി സൂക്ഷിക്കുന്നതിന് 'ഫിഷറീസ് ഡിപ്പോകൾ' തുറക്കുന്നതിന് പ്ലാസ്റ്റിക്പൂൾ പമ്പ് എയ്റേറ്റർ, ഓക്സിജൻ സിലിണ്ടർ, ഹാപ തുടങ്ങിയ സാധനസാമഗ്രികൾ വാങ്ങുന്നതിന് തുക വിനിയോഗിക്കാവുന്നതാണ്.
   - ബി. ജലത്തിന്റെ അനുയോജ്യത പരിശോധിക്കുന്നതിനുള്ള ജലപരിശോധന കിറ്റുകൾ വാങ്ങുന്നതിന് ഉപയോഗിക്കാവുന്നതാണ്.
   - സി. മത്സ്യം പിടിച്ചെടുക്കുന്നതിന് ഉപയോഗിക്കുന്ന വലകൾ വാങ്ങി സൂക്ഷിക്കുന്നതിന് വിനിയോഗിക്കാവുന്നതാണ്.
   - ഡി. പഞ്ചായത്തു മാർക്കറ്റുകളിൽ വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രയോജനപ്പെടുത്താവുന്നതാണ്.
   - ഇ. മത്സ്യവിത്ത് റീയറിംഗ് ഗ്രൂപ്പുകൾക്കുള്ള സാമ്പത്തിക സഹായം നല്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.
   - എഫ്. വിപണന ബൂത്ത് സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകാവുന്നതാണ്.

ജി. മത്സ്യവിത്ത് വിതരണം, മാർക്കറ്റിംഗ് എന്നിവയ്ക്കുവേണ്ടി വാഹനങ്ങൾ വാങ്ങുന്നതിന്/ വാടകയ്ക്കെടുക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.

എച്ച്. മത്സ്യകൃഷി ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിന് വിനിയോഗിക്കാവുന്നതാണ്.

5. ജനകീയ മത്സ്യകൃഷി പരിപാടികൾക്ക് ഉൾക്കൊള്ളിച്ചിട്ടുള്ള തുക അതാതു ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥനു അനുവദിച്ചു നല്കുന്നതും, ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥൻ പഞ്ചായത്തുകൾ തയ്യാറാക്കി നല്കുന്ന വ്യക്തമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾക്ക് തുക അനുവദിക്കുന്നതുമാണ്.
6. തുക ചെലവഴിച്ചശേഷം പഞ്ചായത്തുകൾ വിനിയോഗ സർട്ടിഫിക്കറ്റ് ജില്ലാ ആഫീസർക്ക് നൽകേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് നല്കാത്ത പഞ്ചായത്തുകൾക്ക് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

തീരജ്യോതി

1. തീരജ്യോതി പദ്ധതി നടപ്പിലാക്കുന്നത് സംസ്ഥാന മത്സ്യവകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്ത ഉത്തരവാദിത്വത്തിലായിരിക്കും
2. ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥൻ 'തീരജ്യോതി' പദ്ധതി നടപ്പിലാക്കുന്നതിന്റെ മേൽനോട്ടം വഹിക്കുന്നതും ഘട്ടം ഘട്ടമായി പുരോഗതി വിലയിരുത്തേണ്ടതുമാണ്.
3. തീരജ്യോതി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് ഫിഷറീസ് ഡയറക്ടർ ജില്ലതിരിച്ച് ബന്ധപ്പെട്ട ഫിഷറീസ് ഉദ്യോഗസ്ഥൻമാർക്ക് അനുവദിച്ച് നൽകേണ്ടതാണ്.
4. ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥൻ 'തീരജ്യോതി' പദ്ധതിയിലൂടെ പ്രതിമാസ പുരോഗതി ഫിഷറീസ് ഡയറക്ടർക്ക് റിപ്പോർട്ടു ചെയ്യേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഫിഷറീസ് ഡയറക്ടറേറ്റിനെയും ഈ പദ്ധതിയുടെ നടത്തിപ്പിൽ ഏകോപിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥനായിരിക്കും.
5. പദ്ധതി നടത്തിപ്പിൽ ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥൻ പഞ്ചായത്ത് തലത്തിൽ സഹായിക്കുന്നതിന് ഇതിലേക്കു പ്രത്യേകം നിയോഗിച്ചിട്ടുള്ള മത്സ്യവകുപ്പിലെ ഫീൽഡ്-ലവൽ ഉദ്യോഗസ്ഥൻമാരോ, കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഫിഷറീസ് ഓഫീസർമാരോ ചുമതലക്കാരായിരിക്കും. ഇപ്രകാരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര് അതതു പഞ്ചായത്തിൽ അറിയിക്കേണ്ടതാണ്.
6. അപേക്ഷ സ്വീകരിക്കുന്നതിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ഉള്ള ഉത്തരവുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കും.
7. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ താഴെകൊടുക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

   എ) യഥാർത്ഥ മത്സ്യതൊഴിലാളി ആയിരിക്കണം.

   ബി) ദാരിദ്ര്യരേഖയ്ക്ക് - താഴെയുള്ളവർ ആയിരിക്കണം. പഠിക്കുന്ന കുട്ടികൾ ഉള്ള മത്സ്യതൊഴിലാളികൾ, വിധവകളായ മത്സ്യതൊഴിലാളി സ്ത്രീകൾ എന്നിവർക്കു മുൻഗണന കൊടുക്കണം.

   സി) മത്സ്യതൊഴിലാളികളുടെ എണ്ണത്തിൽ ആനുപാതികമായി ഗുണഭോക്താക്കളുടെ എണ്ണം തീരുമാനിക്കുന്നത് ജില്ലാ ഓഫീസർ ആയിരിക്കും.
8. ഗുണഭോക്താക്കളിൽനിന്നും അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ട

തീയതി എന്നിവ സംബന്ധിച്ച് ജില്ലാ ഫിഷറീസ് ഓഫീസർമാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ചു തീരുമാനമെടുക്കാവുന്നതാണ്.

9. വീട് വയർ ചെയ്യുന്നതിനും, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, വയർമാൻ ലൈസൻസുള്ളവർ ആയിരിക്കണം.
10. ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി ആയിരിക്കും.
11. അനുവദിച്ച തുക വീട് വൈദ്യുതീകരിക്കുന്നതിനുവേണ്ടി തന്നെയാണ് ചെലവഴിച്ചതെന്ന് ഉറപ്പു വരുത്തേണ്ട ചുമതല പഞ്ചായത്തിനായിരിക്കും.
12. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നല്കിയിട്ടുള്ള വീടുകൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ (ഗുണഭോക്താക്കളെ പൂർണ്ണമായും) വയർചെയ്ത് വൈദ്യുതീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം അതാതു ഗ്രാമപഞ്ചായത്തുകളിലെ നിർവഹണോദ്യോഗസ്ഥനായിരിക്കും.
13. ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷ്യമിട്ടിട്ടുള്ള വീടുകൾ വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് നേരത്തേ തന്നെ അനുവദിച്ചു നൽകേണ്ടതാണ്.
14. വയറിംഗ് ജോലികൾ പൂർത്തീകരിച്ചതിനുശേഷമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് പണം അനുവദിച്ച് നല്കുവാൻ പാടുള്ളൂ.
15. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥന് നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഫണ്ട് ചെലവഴിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.
16. ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥൻ, പഞ്ചായത്തുകളിൽ നിന്ന് വിനിയോഗ സർട്ടിഫിക്കറ്റ് ശേഖരിച്ച് നിർദ്ദിഷ്ട സമയത്തിനുള്ളിൽതന്നെ ഫിഷറീസ് ഡയറക്ടർക്ക് അയച്ചു കൊടുക്കുവാൻ ബാദ്ധ്യസ്ഥനാണ്.
17. ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥൻ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് തുക വിതരണം ചെയ്യുന്നത് താഴെപറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിരിക്കും.

    എ) പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളുടെ ജനസംഖ്യ

    ബി) നിർദ്ദിഷ്ഠ പദ്ധതിപ്രകാരം പഞ്ചായത്തിന്റെ പ്രത്യേക ആവശ്യങ്ങൾ.

മത്സ്യതൊഴിലാളികൾക്കുള്ള കക്കൂസ് നിർമ്മാണം

1. കക്കൂസ് ഒന്നിന് 2,500/– രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നതാണ്. സ്വന്തമായി ഭവനം ഉള്ളവരും എന്നാൽ വീടിനോടനുബന്ധിച്ച് കക്കൂസ് ഇല്ലാത്തവരും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുവാൻ അർഹതയുള്ളവരാണ്.
2. കക്കൂസ് നിർമ്മിക്കുന്നതിനുള്ള ഗ്രാന്റ് രണ്ടു ഗഡുക്കളായി (1000+1500) സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകുന്നതാണ്. സ്റ്റേജ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഫിഷറീസ്ഓഫീസർ/ബന്ധപ്പെട്ട പഞ്ചായത്തിലെ സാങ്കേതിക ഉദ്യോഗസ്ഥൻ നൽകേണ്ടതാണ്.
3. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമപഞ്ചായത്തുകളായിരിക്കും. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

    എ) ഗുണഭോക്താവ് യഥാർത്ഥ മത്സ്യതൊഴിലാളി ആയിരിക്കണം. ക്ഷേമനിധി ബോർഡിന്റെ കീഴിൽ ഉള്ള ഏതെങ്കിലും മത്സ്യഗ്രാമത്തിലെ അംഗവും ക്ഷേമനിധി വിഹിതം കുടിശ്ശിക ഇല്ലാതെ അടച്ച വ്യക്തിയും ആയിരിക്കണം. മത്സ്യത്തൊഴിലാളി പെൻഷൻ വാങ്ങുന്നവരേയും മത്സ്യതൊഴിലാളികളുടെ വിധവകളെയും ഗുണഭോക്താക്കളായി പരിഗണിക്കുന്നതാണ്.

ബി) ദാരിദ്ര്യരേഖയ്ക്കു താഴെ വരുമാനമുള്ളവരായിരിക്കണം. അപേക്ഷയോടൊപ്പം വില്ലേജ് ഓഫീസറിൽനിന്നും ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സി) സ്വന്തമായി യന്ത്രവൽകൃത ബോട്ട് (മെക്കനൈസ്ഡ് ബോട്ട്) ഉള്ളവർക്ക് ഈ പദ്ധതി യുടെ പ്രയോജനം ലഭിക്കില്ല. എന്നാൽ നാടൻ വള്ളങ്ങളും, കട്ടമരം, യന്ത്രം ഘടിപ്പിച്ച നാടൻവള്ളങ്ങൾ എന്നിവ ഉള്ളവരേയും ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്ന താണ്.

ഡി) ഗുണഭോക്താവിന്റെ ഗൃഹനാഥൻ, ഭാര്യ, മക്കൾ എന്നിവരുൾപ്പെടുന്ന കുടുംബത്തിൽ ആരും സർക്കാർ കമ്പനികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സഹകരണ സ്ഥാ പനങ്ങൾ തുടങ്ങിയവയിൽ ജോലി നോക്കുന്നവർ ആയിരിക്കരുത്. കൂടാതെ ദാരിദ്ര്യ രേഖയ്ക്കുമേൽ സ്ഥിരമായി വരുമാനം ലഭിക്കുന്നവരായി ആരും ഉണ്ടായിരിക്കാൻ പാടുള്ളതല്ല.

ഇ) കൈവശാവകാശം ഉള്ള പുരയിടം ഉള്ളവരും എന്നാൽ നാളിതു വരെ പട്ടയം ലഭിക്കാ ത്തവരും ആയ മത്സ്യതൊഴിലാളികളെയും ഗുണഭോക്താക്കളായി പരിഗണിക്കാവുന്ന താണ്.

4. ഫണ്ടിന്റെ ലഭ്യതയും ഓരോ പ്രദേശത്തുള്ള കക്കൂസുകളുടെ ആവശ്യകതയും വിലയിരുത്തിയ ശേഷം ആവശ്യമായ ഫണ്ട് പഞ്ചായത്തുകൾക്ക് അനുവദിക്കുന്നതാണ്.
5. ഗ്രാന്റ് തുക ഗുണഭോക്താക്കൾ നിർദ്ദിഷ്ട പദ്ധതിക്ക് ഉപയോഗിക്കുന്നു എന്ന് ബന്ധപ്പെട്ട ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.
6. ഗ്രാമപഞ്ചായത്തുകൾ ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥനു നിർദ്ദിഷ്ട സമയത്തിനുള്ളിൽതന്നെ മുഴുവൻ തുകയും ചെലവഴിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.
7. പദ്ധതിയുടെ മോണിറ്ററിംഗ് നടത്തുന്നതിന് പഞ്ചായത്ത് മെമ്പർ അദ്ധ്യക്ഷനായുള്ള ജനകീയ സമിതിയിൽ ബന്ധപ്പെട്ട വിദഗ്ദ്ധരെ കൂടി ഉൾപ്പെടുത്തേണ്ടതാണ്.
8. ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥൻ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് പദ്ധതി പ്രകാരമുള്ള തുക വിതരണം ചെയ്യുന്നത് താഴെപറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

   എ) പഞ്ചായത്തിലെ മത്സ്യ തൊഴിലാളികളുടെ ജനസംഖ്യ

   ബി) നിർദ്ദിഷ്ട പദ്ധതിപ്രകാരം പഞ്ചായത്തിന്റെ പ്രത്യേക ആവശ്യങ്ങൾ

വ്യത്യസ്ത തൊഴിലവസരങ്ങളും തൊഴിൽ പരിശീലനവും

1. കാലവർഷകാലത്തും, ക്ഷാമമാസങ്ങളിലും ദുരിതമനുഭവിക്കുന്ന മത്സ്യതൊഴിലാളികൾക്ക് ആശ്വാസം പകരുവാൻ ഇതര തൊഴിൽ മാർഗ്ഗങ്ങളായ ഭവന നിർമ്മാണം, മരപ്പണി, കൽപ്പണി, കൈവേലകൾ തുടങ്ങിയ അനുബന്ധ മേഖലകളിൽ പരിശീലനം നൽകി പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുന്നതിന് മത്സ്യതൊഴിലാളി യുവാക്കളെ പ്രാപ്തരാക്കുകയാണ് ഈ പദ്ധതി യുടെ ഉദ്ദേശലക്ഷ്യം.
2. ഈ പദ്ധതി നടപ്പിലാക്കുന്നത് ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലായിരിക്കും.
3. ഗുണഭോക്താക്കൾ യഥാർത്ഥ മത്സ്യതൊഴിലാളികളും 18 നും 35 നും മദ്ധ്യേ പ്രായമുള്ള യുവാക്കളോ/യുവതികളോ ആയിരിക്കണം.
4. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് മറ്റു തൊഴിൽ മേഖലകളിൽ നിർമ്മിതി കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ പരിശീലനം നൽകകേണ്ടതാണ്.

5. ഗുണഭോക്താക്കൾക്ക് പരിശീലന കാലയളവിൽ സ്റ്റൈപന്റ്, പരിശീലകർക്കുള്ള പ്രതിഫലം, പരിശീലന സാമഗ്രികൾ വാങ്ങുന്നതിനുള്ള ചെലവ് തുടങ്ങിയവക്ക് പദ്ധതി വിഹിതത്തിൽ നിന്നും തുക ചെലവഴിക്കാവുന്നതാണ്.
6. ഗ്രാമപഞ്ചായത്തുകൾ അതാതു പ്രദേശത്തെ അനുയോജ്യമായ തൊഴിലവസരങ്ങൾ കണ്ടെത്തേണ്ടതും അത്തരം തൊഴിലുകൾ പഠിക്കുന്നതിന് തൽപ്പരരായ മത്സ്യതൊഴിലാളി യുവാക്കളിൽനിന്ന് അപേക്ഷ സ്വീകരിച്ച് അർഹതയുള്ളവരെ തെരഞ്ഞെടുത്ത് ബന്ധപ്പെട്ട ജില്ലാ ഓഫീസറെ അറിയിക്കേണ്ടതാണ്.
7. ഗ്രാമ പഞ്ചായത്തുകളുടെ ആവശ്യകതകളും ഫണ്ടും അനുസരിച്ച് ജില്ലാ ഓഫീസർമാർ 6.8.97 ലെ ജി.ഒ. (പി) 676/97/ഫിൻ ഉത്തരവിൻപ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്യാവുന്നതാണ്.
8. ഗ്രാമപഞ്ചായത്തുകൾ തുക ചെലവഴിച്ചതിനുശേഷം വിനിയോഗ സർട്ടിഫിക്കറ്റ് ജില്ലാ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.
9. തുക ചെലവഴിച്ചത് നിർദ്ദിഷ്ട പദ്ധതിക്കാണെന്ന് ഉറപ്പുവരുത്തേണ്ടത് ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥന്റെ ചുമതലയാണ്.
10. പദ്ധതിയുടെ മോണിറ്ററിംഗ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ജനകീയ സമിതിക്കാണ്.
11. ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥൻ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് പദ്ധതി പ്രകാരമുള്ള തുക വിതരണം ചെയ്യുന്നത് താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കും.
    എ) പഞ്ചായത്തിലെ മത്സ്യ തൊഴിലാളികളുടെ ജനസംഖ്യ
    ബി) നിർദ്ദിഷ്ട പദ്ധതിപ്രകാരം പഞ്ചായത്തിന്റെ പ്രത്യേക ആവശ്യങ്ങൾ

ദേശീയ മത്സ്യതൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെയുള്ള
ഭവന നിർമ്മാണ പദ്ധതി

1. കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹതപ്പെട്ട ഗുണ ഭോക്താക്കളെ ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുക്കേണ്ടതാണ്.
    1. അപേക്ഷകൻ യഥാർത്ഥ മത്സ്യതൊഴിലാളി ആയിരിക്കണം.
    2. അപേക്ഷകൻ സ്വന്തമായി വീടുള്ള ആളായിരിക്കരുത്.
    3. സ്വന്തമായി ഭൂമി കൈവശാവകാശമുള്ള അപേക്ഷകന് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
    4. അപേക്ഷകൻ ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ള ആളായിരിക്കണം.
    5. ലഭിക്കുന്ന സാമ്പത്തിക സഹായം വിനിയോഗിച്ച് 35 സ്ക്വയർ മീറ്ററിൽ കുറയാത്ത ഭവനം അപേക്ഷകൻ സ്വന്തം മേൽനോട്ടത്തിൽ നിർമ്മിക്കേണ്ടതാണ്.
    6. പ്രകൃതി ക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർ അതിനുള്ള തെളിവ് ഹാജരാക്കണം.
    7. അപേക്ഷകന് 18 വയസ്സിൽ കുറയുവാനും 60 വയസ്സിൽ കൂടുവാനും പാടുള്ളതല്ല.
    8. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിലോ, മത്സ്യതൊഴിലാളി ഗ്രാമസംഘത്തിലോ അംഗമാണെന്ന തെളിവ് നൽകിയിരിക്കണം.
2. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകൾ ആയിരിക്കും. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി

അർഹതയുള്ള ഗുണഭോക്താക്കളുടെ എണ്ണം കൂടുതലാണെങ്കിൽ നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതാണ്.

3. ലഭിക്കുന്ന അപേക്ഷകളിൻമേൽ നടത്തുന്ന അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അർഹരായവരുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കുന്നതും പ്രസ്തുത ലിസ്റ്റിൻ പ്രകാരമുള്ള അപേക്ഷകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതാണ്. ഈ ലിസ്റ്റിൽ നിന്നും അർഹമായി കണ്ടെത്തിയ അപേക്ഷകളിൽ നിന്നും നറുക്കെടുപ്പിലൂടെയായിരിക്കും അന്തിമ തെരഞ്ഞെടുപ്പ് നടത്തുന്നത്.
4. ജാതി, വരുമാനം, ഭൂമി കൈവശാവകാശം എന്നിവ തെളിയിക്കുന്നതിന് റവന്യൂ/വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും തൊഴിൽ തെളിയിക്കുന്നതിന് ഫിഷറീസ്/ കേരള ഫിഷറീസ് വെൽഫയർ ഫണ്ട് ബോർഡ് ഉദ്യോഗസ്ഥൻ നല്കുന്ന സർട്ടിഫിക്കറ്റും ഹാജരാക്കണം.
5. താമസിച്ചു കിട്ടുന്നതും അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ച് ഒപ്പിടാത്തതും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
6. സാമ്പത്തിക സഹായം 3 ഗഡുക്കളായി (അടിത്തറ–മേൽക്കൂര–പൂർത്തീകരണം – 7000 + 18000 + 10000) മാത്രമേ അപേക്ഷകന് നൽകുകയുള്ളൂ. സ്റ്റേജ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ നൽകേണ്ടതാണ്. ഇതിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പി. ഡബ്ല്യൂ. ഡി എന്നിവയിലെ അസിസ്റ്റന്റ് എൻജിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥന്മാരേയും ചുമതലപ്പെടുത്തേണ്ടതുമാണ്.
7. സാമ്പത്തിക സഹായത്തിന്റെ ഒന്നാം ഗഡു ലഭിച്ച തീയതി മുതൽ 6 മാസത്തിനകം നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്.
8. ഗ്രാമപഞ്ചായത്തുകൾ ഭവന നിർമ്മാണ പദ്ധതിയുടെ പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ ഫിഷറീസ് ജില്ലാഓഫീസർക്കു നൽകേണ്ടതാണ്.
9. ഓരോ വർഷവും പദ്ധതിയിനത്തിൽ ചെലവഴിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്തുകൾ ജില്ലാ ഓഫീസർക്കു നൽകണം.
10. ഗുണഭോക്താക്കളുടെ എണ്ണം നിലവിലുള്ള നിബന്ധനകൾക്കനുസരിച്ച് തീരുമാനിക്കും.
11. ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥൻ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് പദ്ധതിപ്രകാരമുള്ള തുക വിതരണം ചെയ്യുന്നത് താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കും.
    എ) പഞ്ചായത്തിലെ മത്സ്യതൊഴിലാളികളുടെ ജനസംഖ്യ
    ബി) നിർദ്ദിഷ്ട പദ്ധതി പ്രകാരം പഞ്ചായത്തിന്റെ പ്രത്യേക ആവശ്യങ്ങൾ

ജില്ലാ പഞ്ചായത്ത്

എഫ്.എഫ്.ഡി.എ/ബി.എഫ്.ഡി.എ. കളുടെ പ്രവർത്തനം

1. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി അർഹതയുള്ള ഗുണഭോക്താക്കളെ ഗ്രാമസഭകളുടെ സഹായത്തോടെ തെരഞ്ഞെടുക്കേണ്ടതാണ്.
2. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായിട്ടുള്ള മാനേജിംഗ് കമ്മിറ്റി എഫ്.എഫ്.ഡി.എ/ ബി.എഫ്.എഫ്.ഡി.എ. കളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും മേൽനോട്ടം വഹിക്കുന്നതും ആയിരിക്കും. ഇവയുടെ പ്രവർത്തനത്തിൽ കൂടുതൽ ജനപ്രതിനിധികൾക്ക് പ്രാതിനിധ്യം നൽകേണ്ടതാണ്.
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മുൻകൂർ യാത്രാപരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെ അറിയിക്കേണ്ടതാണ്.

4. എഫ്.എഫ്.ഡി.എ/ബി.എഫ്.ഡി.എ. യിലെ ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റുന്നതിനും, ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം ജില്ലാ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിരിക്കും.

5. ശിക്ഷണ നടപടികൾക്കുള്ള ശുപാർശ സമർപ്പിച്ചാൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു ജില്ലാ പഞ്ചായത്തു പ്രസിഡന്റിനെ ഒരു നിശ്ചിത സമയത്തിനുള്ളിൽ അറിയിക്കണം.

6. എഫ്.എഫ്.ഡി.എ/ബി.എഫ്.എഫ്.ഡി.എ. കളുടെ സ്ഥാവര ജംഗമ വസ്തുക്കൾ നാശനഷ്ടം സംഭവിക്കാതെ സൂക്ഷിക്കേണ്ടത് ജില്ലാ പഞ്ചായത്തുകളുടെ ചുമതലയാണ്.

7. എഫ്.എഫ്.ഡി.എ/ബി.എഫ്.എഫ്.ഡി.എ. പരിപാടി അനുസരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ കേന്ദ്രവിഹിതം. കേന്ദ്ര/സംസ്ഥാന സർക്കാരിലൂടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വാങ്ങുകയും വിഹിതം ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുകയും ചെയ്യേണ്ടതാണ്.

8. എഫ്.എഫ്.ഡി.എ/ബി.എഫ്.ഡി.എ കളുടെ പ്രവർത്തന ഡയറി ജില്ലാ പഞ്ചായത്തുകൾക്ക് നൽകണം. ഒപ്പം പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ ഫിഷറീസ് ഡയറക്ടർമാർക്ക് നൽകേണ്ടതാണ്.

9. എഫ്.എഫ്.ഡി.എ/ബി.എഫ്.ഡി.എ കൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക, വൈദ്യുതി, വെള്ളക്കരം മുതലായ നിത്യ ചെലവുകൾ നടത്തേണ്ടത് ജില്ലാ പഞ്ചായത്ത് ആയിരിക്കും.

10 എഫ്.എഫ്.ഡി.എ/ബി.എഫ്.ഡി.എ കൾ പ്രവർത്തിക്കുന്ന സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റ പണികളും, ചെറിയ മരാമത്ത് പണികളും നിർവ്വഹിക്കുന്നത് ജില്ലാ പഞ്ചായത്തായിരിക്കും.

11. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുവാനും അവയിൽ അംഗീകൃത പ്ലാൻ അനുസരിച്ച് പുതിയ കെട്ടിടം/ ജീവനക്കാർക്കുള്ള വസതികൾ എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനും ജില്ലാ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും.

12. എഫ്.എഫ്.ഡി.എ/ബി.എഫ്.ഡി.എ കളിൽ ആവശ്യമായി വരുന്ന ഫർണിച്ചർ മുതലായ സാധന സാമഗ്രികൾ ഏർപ്പെടുത്തുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഉപദേശത്തിന്റെ വെളിച്ചത്തിൽ ജില്ലാ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും. ഇതിനാവശ്യമായ പണം നോൺ പ്ലാൻ ഗ്രാന്റായി നൽകുന്നതാണ്. ഈ പ്രവർത്തനത്തിന് പ്ലാൻ ഫണ്ടിൽ നിന്നു പണം ഉപയോഗിക്കാൻ പാടില്ല.

13. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് എഫ്.എഫ്.ഡി.എ/ബി.എഫ്.ഡി.എ ഓഫീസുകളിലെ ഫർണിച്ചറുകളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റ പണികൾ നടത്തുന്നതിന് ജില്ലാ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും.

14. മത്സ്യ/ചെമ്മീൻ കൃഷി വികസന മുൻനിർത്തിയുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾ സഹകരിക്കേണ്ടതാണ്.

15. കർഷകരിൽ മത്സ്യ/ചെമ്മീൻ വികസനം പരിപാടികളെക്കുറിച്ച് ബോധവൽക്കരണം നടത്താനാവശ്യമായ സെമിനാറുകൾ, ചർച്ചകൾ പ്രദർശന ക്യാമ്പുകൾ തുടങ്ങിയവ ജില്ലാ പഞ്ചായത്ത് സംഘടിപ്പിക്കേണ്ടതാണ്.

16. ഓരോ വർഷവും അനുവദിച്ച തുക വിനിയോഗിച്ചശേഷം ജില്ലാ പഞ്ചായത്ത് വിനിയോഗ സർട്ടിഫിക്കറ്റ് ഫിഷറീസ് ഡയറക്ടർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ

1. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക–അദ്ധ്യാപകേതര–ജീവനക്കാർ തങ്ങളുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുക.
2. സ്കൂളുകളിലെ അദ്ധ്യാപക/അദ്ധ്യാപകേതര ജീവനക്കാരുടെ മേൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഡയറക്ടറോട് ശുപാർശ ചെയ്യുക.
3. വർഷാരംഭത്തിൽ തന്നെ സ്കൂളുകളിൽ വരുന്ന അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നികത്തുക. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നൽകുന്ന ലിസ്റ്റിൽ നിന്നും അർഹരായവരുടെ തെരഞ്ഞെടുക്കുന്നതിന് ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥൻ, ഹെഡ്മാസ്റ്റർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കുക.
4. വർഷാരംഭത്തിൽ തന്നെ ഫിഷറീസ് സയൻസ് പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിന് ജില്ലാ ഫിഷറീസ് ഓഫീസർ, ഫിഷറീസ് ഡയറക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.
5. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ ജോലി ചെയ്യുന്ന ഫിഷറീസ് ഉദ്യോഗസ്ഥന്മാരുടെ മേൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലം മാറ്റം നൽകി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കും ഈ നിബന്ധനകൾ ബാധകമായിരിക്കും.
6. ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളുടെ ഓലകെട്ടി മേച്ചിലും, ആവശ്യമായ അറ്റകുറ്റ പണികളും യഥാസമയം നടത്തുക.
7. സ്കൂളുകളുടെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, മുതലായവ നിത്യ ചെലവുകൾ നടത്തേണ്ടത് നോൺ പ്ലാൻ ഗ്രാന്റിൽ നിന്നും ജില്ലാ പഞ്ചായത്തായിരിക്കും.
8. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് കെട്ടിടം പണിയുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനും അവയിൽ അംഗീകൃത പ്ലാൻ അനുസരിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്നതിനും ജില്ലാ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും.
9. ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളിലെ കുട്ടികൾക്കായുള്ള മെസ്സിന്റെ നടത്തിപ്പു ഫലപ്രദമായും അതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുക.
10. മേൽ സൂചിപ്പിച്ചിട്ടുള്ള ചെലവിനങ്ങൾക്കായി പദ്ധതിയേതര ചെലവുകളിൽ നിന്നു തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറേണ്ടതാണ്.
11. മെസ്സിൽ വിതരണത്തിനുള്ള സാധനങ്ങളുടെ ഗുണനിലവാരം പരിശോധന നടത്തുകയും ഭക്ഷ്യസാധനങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിന് മേൽനോട്ടം വഹിക്കുകയും ചെയ്യുക.
12. സ്കോളർഷിപ്പുകളും ഗ്രാന്റും അർഹരായ കുട്ടികൾക്ക് നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുകയും അവ യഥാസമയം വിതരണം നടത്തുകയും ചെയ്യുക.
13. സ്കൂളുകളിലെ കുട്ടികളുടെ കലാകായിക വിദ്യാഭ്യാസത്തിൽ താൽപര്യമുള്ള കുട്ടികളുടെ കഴിവ് കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും ബന്ധപ്പെട്ട സ്കൂൾ അധികൃതർ ശ്രദ്ധിക്കുന്നുണ്ടോ എന്നു നിരീക്ഷിക്കുക.

സാമൂഹ്യ മത്സ്യകൃഷി

1. മത്സ്യ/കൊഞ്ചു കുഞ്ഞുങ്ങളുടെ സംഭരണം ചെയ്യുന്നതിന് തങ്ങളുടെ അധികാരപരിധിയിലുള്ള അനുയോജ്യമായ ജലാശയങ്ങൾ (പുഴകൾ, കായലുകൾ, തടാകങ്ങൾ തുടങ്ങിയവ) തെരഞ്ഞെടുക്കുന്നത് ജില്ലാ പഞ്ചായത്തുകളായിരിക്കും.
2. ജലാശയത്തിൽ സംഭരണം നടത്തേണ്ട മത്സ്യ–കൊഞ്ചു കുഞ്ഞുങ്ങളുടെ ഇനം, എണ്ണം, വലിപ്പം, സംഭരണം നടത്തേണ്ട സമയം എന്നിത്യാദികാര്യങ്ങളിൽ ജില്ലാ ഫിഷറീസ് ഓഫീസറുടെ സാങ്കേതിക ഉപദേശം ജില്ലാ പഞ്ചായത്തുകൾ തേടേണ്ടതാണ്.
3. മത്സ്യ/കൊഞ്ചു കുഞ്ഞുങ്ങൾ വാങ്ങുമ്പോൾ സർക്കാർ ഫാമുകൾക്ക്, മുൻഗണന നൽകേണ്ടതും സർക്കാർ ഫാമുകളിൽ മത്സ്യ/കൊഞ്ചു കുഞ്ഞുങ്ങൾ ലഭ്യമല്ലാതെ വരുമ്പോൾ സ്വകാര്യ ഫാമുകളിൽ നിന്നോ സംസ്ഥാനത്തിനു പുറമേനിന്നോ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി മത്സ്യകുഞ്ഞുങ്ങൾ വാങ്ങാവുന്നതും ആയതിലേക്ക് വാർഡ് മെമ്പർ മത്സ്യഭവൻ ഓഫീസർ/ ചുമതലയുള്ള ഓഫീസർ തുടങ്ങിയവർ അടങ്ങുന്ന ഒരു പർച്ചേസ് കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്. മത്സ്യകുഞ്ഞുങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട ഫിഷറീസ് ഉദ്യോഗസ്ഥന്റെ ചുമതലയാണ്.
4. മത്സ്യ/കൊഞ്ചു കുഞ്ഞുങ്ങൾ ജലാശയത്തിൽ സംഭരിക്കേണ്ടത് ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ആയിരിക്കണം.
5. ഫിഷറീസ് ഉദ്യോഗസ്ഥൻ, സന്നദ്ധസംഘടനകൾ, സാങ്കേതിക വിദഗ്ദ്ധർ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ മത്സ്യങ്ങളുടെ വളർച്ച, മത്സ്യങ്ങളുടെ ലഭ്യത, പദ്ധതികൊണ്ടുള്ള പ്രയോജനങ്ങൾ തുടങ്ങിയവയെ കുറിച്ച് പഠിക്കുന്നതിന് നിയോഗിക്കേണ്ടതാണ്.
6. മത്സ്യ സമ്പത്തിന്റെ സംരക്ഷണം, നാശോന്മുഖ മത്സ്യബന്ധന രീതികൾ നിരുത്സാഹപ്പെടുത്തൽ, അനധികൃത മത്സ്യബന്ധനം തടയൽ, തുടങ്ങിയവയെ സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നേതൃത്വം നൽകേണ്ടതാണ്.
7. തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിലുള്ള കുളങ്ങൾ സംഘങ്ങൾ/ വ്യക്തികൾ/ഗ്രൂപ്പുകൾ എന്നിവയ്ക്കു പാട്ടത്തിനു നൽകുന്നതിനും ജലാശയങ്ങൾ, തോടുകൾ, നദീമുഖങ്ങൾ, കായലുകൾ എന്നിവ ഫലപ്രദമായി മത്സ്യോൽപ്പാദനത്തിനുപയോഗപ്പെടുന്നതിനുള്ള പദ്ധതികൾ തുടങ്ങുന്നതിന് അതാതു സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കേണ്ടതാണ്.
8. ജില്ലാ ഉദ്യോഗസ്ഥൻ പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്ക് പദ്ധതി പ്രകാരമുള്ള തുക വിതരണം ചെയ്യുന്നത് സാമൂഹ്യ മത്സ്യകൃഷിയ്ക്കായി ഉപയോഗിക്കുന്ന നദിയുടെ/ജലാശയത്തിന്റെ വിസ്തൃതിയെ അടിസ്ഥാനമാക്കിയായിരിക്കും.